<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3589**</u> <u>**26-10-2021 - ൽ മറുപടിയ്ക്ക്**</u>

<u>**വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നൽകുന്ന സഹായങ്ങൾ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ)** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഭിന്നശേഷിക്കാർക്ക് വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന എന്തെല്ലാം സഹായങ്ങളാണ് നിലവിൽ നൽകുന്നതെന്ന് വിശദമാക്കുമോ? | (എ) | വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ

1. **ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം.**

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്, ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോട്ടു കൂടിയ ലാപ് ടോപ്, വീൽചെയർ, മൂന്നു വീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡി.വി.ഡി.പ്ലെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കോളോസ്റ്റമീ ബാഗുകൾ, വൈറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ തുടങ്ങി 100 ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും നല്കി വരുന്നു.

2. **ട്രൈസ്കൂട്ടർ വിതരണം.**

നിബന്ധനകൾക്ക് വിധേയമായി സൈഡ് വീൽ ഘടിപ്പിച്ച മോട്ടോറൈസ്ഡ് സ്കൂട്ടർ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു.

3. **മോട്ടോറൈസ്ഡ് മുച്ചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി**

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങി സൈഡ് വീൽ ഘടിപ്പിക്കുന്നതിനായി ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും കോർപ്പറേഷൻ 15,000/- രൂപ സബ്സിഡിയായി നല്കുന്നു.

4. **സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പാ സബ്സിഡി)**

സ്വയം തൊഴിൽ പദ്ധതിയിൻകീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കിവരുന്നു.

5. **സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം**

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിക്കപ്പെടുന്ന മൈക്രോ പ്രോജക്ടുകൾക്കായി അവരുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാനും സംഘങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കാനും ആരംഭിക്കാനുമുള്ള 20,000/- രൂപ ധനസഹായം കോർപ്പറേഷൻ നൽകി വരുന്നു.

6. **ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം (സബ്സിഡി)**

ഈ പദ്ധതി പ്രകാരം പുതുതായി ലോട്ടറി വില്പന തുടങ്ങുന്നവർക്ക് 5,000/- രൂപ അനുവദിക്കുന്നതാണ്.

7. **എൻ.എച്ച്.എഫ്.ഡി.സി.വായ്പ**

എൻ.എച്ച്.എഫ്.ഡി.സി. പദ്ധതി പ്രകാരമുള്ള സ്വയം തൊഴിൽ, വിദ്യാഭ്യാസ, വാഹന വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തുവരുന്നു.

8. **ഭിന്നശേഷിക്കാരായവർക്ക് പ്രൊഫിഷ്യൻസി അവാർഡ്**
9. **ഗുരുതര ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി**

ഗുരുതര ഭിന്നശേഷിത്വമുള്ള കുട്ടികളുടെ പേരിൽ 20,000/- രൂപ നിക്ഷേപിക്കുന്ന പദ്ധതി.

10. **പാറശ്ശാലയിലെ സാഫല്യം പരിചരണ കേന്ദ്രം.**

50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗിയല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടിയുള്ള സ്ഥാപനം,

**11. സഹായ ഉപകരണ നിർമ്മാണം.**

ഭിന്നശേഷിക്കാർക്കാവശ്യമായ വിവിധയിനം സഹായ ഉപകരണങ്ങൾ നിർമ്മിച്ച് നൽകുന്ന ഒരു ഉപകരണ നിർമ്മാണ യൂണിറ്റ് പാറശ്ശാല കൊറ്റാമത്ത് പ്രവർത്തിക്കുന്നു.